MR. VARKALA K. MADHAVAN: Sir, I do not press the motion.

The motion, by leave of the House, was withdrawn.

The question that Government be granted a sum of Rs. 11,50,000 under Demand XVI—Education Government Grant to the Travancore University, was put to vote and declared carried.

The demand was passed and the grant was made.

DEMAND XVII—EDUCATION EXCLUDING GRANT TO THE TRAVANCORE UNIVERSITY.

MR. A. GOPALA MENON (*Director of Public Instruction*): Sir, I beg to move that Government be granted a sum of Rs. 65,53,415 under Demand XVII—Education excluding Grant to the Travancore University.

Motion No. 1.

MR. V. K. VELAPPAN NAIR (*Vaikom cum Kottayam*): ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ₹ 0 ര 0 ല 0 രൂപയിൽ നിന്നും ₹ രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ ഇവിടെ ഹാജരാക്കിക്കൊള്ളുന്നു. ഈ ഉപക്ഷേപം ഇവിടെ ഹാജരാക്കുന്നതിനു എന്നെ പ്രേരിപ്പിച്ച പ്രധാന സംഗതികളിൽ ഒന്നു ഈ രാജ്യത്തുള്ള പൊതുവായ സാമ്പത്തികാഭിവൃദ്ധിയെ അടിസ്ഥാനമാക്കി, ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ, ക്രമാധികമായുള്ള വിദ്യാർത്ഥികളുടെ വർദ്ധനവു ഉണ്ടായിട്ടുണ്ടു് എന്നുള്ള വസ്തുതയെ പരിഗണിച്ചു് അദ്ധ്യാപകന്മാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു പകരം ഡിപ്പാർട്ടുമെൻറിലുണ്ടായിട്ടുള്ള ശമ്പളപരിഷ്കാരത്തെ തുടർന്നു് ഉണ്ടായ ഒരു ഗവണ്മെൻറുസർക്കുലറിനെ അസ്വദമാക്കി, ഇപ്പോഴുള്ള സ്റ്റാഫിൽനിന്നും ₹ 0 ശതമാനം കുറവു ചെയ്യുന്ന ഒരു നയം അംഗീകരിക്കുന്നതു ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം അനുവദനീയമല്ലെന്നുള്ളതു ഗവണ്മെൻറിൻറെ ശ്രദ്ധയിൽ കൊണ്ടുവരാൻ വേണ്ടിയാണു്. സർ, വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുന്നതോടുകൂടി, നിശ്ചയമായും, അദ്ധ്യാപകന്മാരുടെ സംഖ്യയും വർദ്ധിപ്പിക്കണമെന്നുള്ളതിൽ അഭിപ്രായവ്യത്യാസത്തിനു വകയില്ല. അങ്ങിനെ വിദ്യാർത്ഥികളുടെ സംഖ്യ കണക്കാക്കി അദ്ധ്യാപകന്മാരുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനു പകരം, ഓരോ ക്ലാസിലും, എഡ്യൂക്കേഷൻ കോഡിലെ വ്യവസ്ഥകളുടെ വിരുദ്ധമായി കൂടുതൽ വിദ്യാർത്ഥികളെ വച്ചു പഠിപ്പിച്ചു്, സ്റ്റാഫിൻറെ കുറവിനെ പരിഹരിക്കാമെന്നു വിചാരിക്കുന്നതു തികച്ചും അനാശാസ്യമായ ഒരു പ്രവൃത്തിയാണെന്നാണു് എൻറെ അഭിപ്രായം. ഓരോ ക്ലാസിലും മുപ്പതോ മുപ്പത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Velappan Nair.]

യഞ്ഞോ വിദ്യാർത്ഥികളിൽ കൂടുതൽ പാടില്ലെന്ന് നിയന്ത്രിച്ചിരിക്കേ ഇപ്പോൾ, ൩൦-ം, ൪൦-ം, വിദ്യാർത്ഥികളെ ക്ലാസിൽവച്ച പഠിപ്പിക്കുന്ന എന്നാണ് എന്റെ അറിവ്. വിശേഷിച്ചും ഇംഗ്ലീഷുസ്കൂളുകളിലും അതേ നയംതന്നെ തുടരുന്ന എന്നും എനിക്കറിയാം. പ്രാഥമികവിദ്യാഭ്യാസമെങ്കിലും നിർബന്ധിതമാക്കണമെന്നുള്ള ഗവണ്മെൻറ മനോഭാവത്തിനുതന്നെ, ഈ നയം സ്വീകാര്യമല്ലെന്ന് ഞാൻ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

താഴ്ന്ന ക്ലാസുകളിൽ കൂടുതൽ വിദ്യാർത്ഥികളെവച്ച് പഠിപ്പിക്കണമെന്നുള്ള ഒരു നയം ഡിപ്പാർട്ടുമെൻറ് അംഗീകരിച്ചിരിക്കുന്നതു ശരിയല്ല. ഉദാഹരണം പറയുകയാണെങ്കിൽ, പ്രിപ്പാരട്ടറിക്ലാസിൽ ഒരു കുട്ടിയെ ആദ്യമായി ചേർക്കുന്ന സമയത്തു്, ഇന്നത്തെ രീതിയിൽ പഠിപ്പിക്കുന്നതിനു ഭാഷയിൽ ആ കുട്ടിയെക്കൊണ്ടു് ഒരു വാക്കോ വാചകമോ ഉച്ചരിപ്പിച്ച് ആ ക്ലാസിലെ സകല വിദ്യാർത്ഥികളെക്കൊണ്ടും ആവർത്തിപ്പിക്കുന്ന ഒരു നയം ഉണ്ടു്. അങ്ങനെ ഒരു വാക്കോ, വാചകമോ പഠിപ്പിക്കുന്നതിനു വളരെ അധികം വിദ്യാർത്ഥികളുള്ള ഒരു ക്ലാസ്സിൽ ഒരു അദ്ധ്യാപകനു് ഒരു ദിവസത്തിൽ ആ വിഷയത്തിനുള്ള ഒരു പീരിയഡ് മുഴുവനും വിനിയോഗിച്ചാലും സാധിക്കാതെവരുന്നു. ഈ നിലക്ക് ഒരു സ്കൂൾവർഷത്തിൽ ഒരു കുട്ടിക്കു എന്തു പഠിക്കാൻ കഴിയുമെന്നു ആലോചിക്കേണ്ടതാണു്. ഇതു് നാം പ്രതീക്ഷിക്കുന്ന വിദ്യാഭ്യാസാഭിവൃദ്ധിക്കു അനുരൂപമായ ഒന്നല്ലെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഗവണ്മെൻറു് ശമ്പളപരിഷ്കാരം മൂലം വ്യയനിയന്ത്രണം ചെയ്യണമെന്നു ആഗ്രഹിക്കുന്നുണ്ടെങ്കിലും അതു് ഈ ഡിപ്പാർട്ടുമെൻറിനെ ഒരിക്കലും ബാധിക്കാൻ പാടില്ലെന്നാണു് എനിക്കു് ഗവണ്മെൻറിനെ അറിയിക്കാനുള്ളതു്. വൻ തുകകൾ ചെലവാക്കി വിദ്യാഭ്യാസാഭിവൃദ്ധിക്കുവേണ്ടി ഈ രാജ്യത്തു ആവശ്യമുള്ള എല്ലാ പദ്ധതികളും പരിഷ്കരങ്ങളും നടപ്പിൽവരുത്തുന്ന ഇന്നത്തെ ഗവണ്മെൻറിനു ഈ ചെറിയ വ്യയനിയന്ത്രണംമൂലം ഉണ്ടാകുന്ന ലാഭം വളരെ തുച്ഛമായിരിക്കും. അതു് ഒരിക്കലും കാര്യമാണെന്നു പറയുവാൻ നിവൃത്തിയില്ല. വിദ്യാഭ്യാസത്തിനുവേണ്ടി ഈ രാജ്യത്തുള്ള വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ നൂറു ഒരു സംഖ്യ ഫീസിനത്തിലും മറ്റും വ്യയം ചെയ്യുന്നുണ്ടു്. അങ്ങനെ ഒരു നല്ല സംഖ്യ വ്യയം ചെയ്തു് അതിനനുസരണമായ ഒരു പ്രയോജനം വിദ്യാർത്ഥികൾക്കു് കിട്ടുന്നില്ലെന്നുള്ളതു് ഗവണ്മെൻറു് പ്രത്യേകം ഓർക്കേണ്ടതുണ്ടു്. ആ നിലയിൽ ഈ പതിവു് ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ിന്നെങ്കിലും ഡിപ്പാർട്ടുമെന്റുമേലധികാരി, ഉടനടി മാറേണ്ടതാണെന്നുള്ള സംഗതിഞാൻ എടുത്തുപറഞ്ഞുകൊള്ളുന്നു. മറെറാരു സംഗതി വളരെ നിഷ്കൃഷ്ടയോടുകൂടി ഗൗനിക്കേണ്ടിയിരിക്കുന്നു. ഗ്രാൻറുസ്കൂളുകളുടെ കെട്ടിടത്തിലും ഉപകരണത്തിലും മറും വ്യവസ്ഥകൾ പാലിക്കുന്നതിൽ അതിരററ താല്പര്യം കാണിക്കുന്ന ഡിപ്പാർട്ടുമെൻറു അവരുടെ മുമതലയിൽ ഉള്ള അനേക പ്രൈമറിവിദ്യാലയങ്ങളുടെ കെട്ടിടങ്ങളുടെയും ഉപകരണങ്ങളുടെയും കാര്യത്തിൽ വേണ്ടിടത്തോളം ശ്രദ്ധ പ്രദർശിപ്പിക്കുന്നില്ല എന്നു പറയാതെ നിർവാഹമില്ല. പ്രൈമറി വിദ്യാഭ്യാസം, ഒരു കാലത്തു്, നാട്ടിൽ ധാരാളമായി നടപ്പിൽ വരുത്തുന്നതിനുവേണ്ടി കുറെ ഏറെ വിദ്യാലയങ്ങൾ സ്ഥാപിക്കാനായി അന്നത്തെ ഡിപ്പാർട്ടുമെൻറുമേധാവി നാട്ടുകാരെ പ്രേരിപ്പിച്ചതിൻെറ ഫലമായി അന്നു കൈയ്യിൽ കിട്ടിയ സാധനങ്ങൾ ഉപയോഗിച്ചു് നാട്ടുകാർ ധാരാളം കെട്ടിടങ്ങൾ പണിയിച്ചുകൊടുക്കുകയും വിദ്യാലയങ്ങൾ സ്ഥാപിക്കയും ചെയ്തു. അവയിൽ ഒരു നല്ല ഭൂരിഭാഗം ഇന്നു ഉപയോഗശൂന്യമായിരിക്കുന്നു. അതിൽ പലതും നിലംപതിക്കാറായിട്ടുണ്ടു്, ചിലതു് നിലംപതിച്ചിട്ടുമുണ്ടു്. ഈ സംഗതി പല അവസരങ്ങളിലും ഇവിടെ വാദപ്രതിവാദത്തിനു വിഷയമായിട്ടുണ്ടു്. ഒരു സ്ഥായിയായ നയം ഡിപ്പാർട്ടുമെൻറു കൈക്കൊണ്ടു പ്രാഥമികവിദ്യാലയങ്ങളുടെ കെട്ടിടങ്ങളുടെ കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ ഡിപ്പാർട്ടുമെൻറിനുണ്ടായിരിക്കണമെന്നുള്ള വസ്തുത സഭയുടെ ശ്രദ്ധയിൽപെടുത്തിയിട്ടുള്ളതാണു്. എന്നിരുന്നിട്ടും സ്ഥായിയായ നയം ഇപ്പോൾ കൈക്കൊണ്ടിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല. വിദ്യാഭ്യാസവിഷയകമായി എതെല്ലാം പരിഷ്ക്കാരങ്ങൾ ഗവണ്മെൻറാ ജനങ്ങളോ നാട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നാലും വിദ്യാലയങ്ങൾ അനിവാര്യമായ ഒരു ആവശ്യമാണെന്നു പറയാതെ നിവൃത്തിയില്ല. വിദ്യാലയങ്ങൾ ആവശ്യമായിരിക്കുന്നിടത്തോളംകാലം ഡിപ്പാർട്ടുമെൻറിൻെറ അധീനതയിലുള്ള സ്കൂളുകളുടെ ശോചനീയമായ നിലക്കു് പരിഹാരം വരുത്തേണ്ടതു നമ്മുടെ പ്രഥമകൃത്യങ്ങളിൽ ഒന്നാണു്.

അടുത്തതായി എനിക്കു പറയുവാനുള്ളതു ഇന്നു ഗവണ്മെൻറു നടപ്പിൽ വരുത്തിയിട്ടുള്ള ശമ്പളപരിഷ്ക്കാരം മറു പല ഡിപ്പാർട്ടുമെൻറുകളിലെയും സിൽബന്ധികൾക്കുണ്ടായിട്ടുള്ള പ്രയോജനം ഇവിടത്തെ മലയാളം സ്കൂൾ അദ്ധ്യാപകന്മാർക്കു് ലഭിച്ചിട്ടില്ലെന്നുള്ള വസ്തു

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. K. Velappan Nair.]

തയാണ്. ഒരു വൻതുക ഈ കാര്യത്തിൽ ചെലവുവന്നേക്കാമെന്നുള്ള പരമാർത്ഥം മറ്റു പല ഡിപ്പാർട്ടുമെൻറിനേയും അപേക്ഷിച്ച് രാജ്യത്തിന് കൂടുതൽ പ്രയോജനകരമായ സേവനം അനുഷ്ഠിക്കുന്ന മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ ഇന്നു ഗവണ്മെൻറ് അംഗീകരിച്ചിട്ടുള്ള ഒരു മനോഭാവം അവർ അർഹിക്കുന്ന സേവനത്തിനു മതിയായ ഒന്നല്ലെന്നുകൂടി പറഞ്ഞുകൊള്ളുന്നു. ഒരു മലയാളം സ്കൂൾ അദ്ധ്യാപകന്റെ ഏറ്റവും മുരടിച്ച തോതിലുള്ള ശമ്പളം ഒരിക്കലും ഇരുപതു രൂപയിൽ കുറഞ്ഞിരിക്കാൻ പാടില്ല.

PRESIDENT: Order, order. This allotment relates to English Education.

MR. V. K. VELLAPPAN NAIR: Sir, I have sent four other cut motions.

PRESIDENT: Order, order. It is only in the matter of reduction of total allotments that the procedure was prescribed. Here, this is in English Education, and English Education topics alone can be taken. Thereafter, other procedure may be taken.

MR. V. K. VELAPPAN NAIR: Then, I have finished.

MR. P. S. MAHOMED: സർ, വിദ്യാഭ്യാസവിഷയത്തിൽ ഗവണ്മെൻറു മുസ്ലീങ്ങൾക്കു നൽകിക്കൊണ്ടിരിക്കുന്നതായ പ്രോത്സാഹനത്തിനു ഞാൻ ആദ്യമേ ഗവണ്മെൻറിനോട് നന്ദി പറഞ്ഞുകൊള്ളുന്നു. മുസ്ലീങ്ങൾ വിദ്യാഭ്യാസത്തിന്റെ സംഗതിയിൽ ഉണരണമെന്നും വിദ്യാഭ്യാസവിഷയത്തിൽ അവർക്ക് ചിലതെല്ലാം ചെയ്തുകൊടുക്കണമെന്നും, ബഹുമാനപ്പെട്ട രാജഗോപാലാചാരി ദിവാൻജിയായിരുന്നകാലത്താണ്, ഗവണ്മെൻറിനും ജനങ്ങൾക്കും തോന്നിത്തുടങ്ങിയതു്. അതിനുശേഷം അതിന്റെ പരമാവധി, ബഹുമാനപ്പെട്ട മി. കൃഷ്ണൻനായർ ദിവാൻജിയായിരുന്നകാലത്തു് ഞങ്ങൾക്കു ലഭിക്കുകയും അന്നുമുതൽ ഇന്നുവരെ ആ സൗജന്യങ്ങൾ പലതും തുടർന്നുകൊണ്ടുവരുകയും ചെയ്യുന്നുണ്ടു്. എന്നാൽ മുസ്ലീങ്ങളെ വിദ്യാഭ്യാസത്തിലേക്കു പ്രോത്സാഹിപ്പിച്ചിട്ടുള്ളതും ഏറ്റവും പ്രധാനമെന്നു നാം ചിന്തിക്കേണ്ടതുമായ് ഒരു വിഷയം അറബിപഠനത്തിനു മൻഷിമാരേയും കൊറാൻടീച്ചേഴ്സിനേയും നിയമിച്ചതാണു; അതായതു് ആ പഠനത്തിനുള്ള സൗകര്യം ഉണ്ടാക്കുകയാണു്. എന്നാൽ ഇന്നത്തെ നിലയിൽ ആ അറബിപഠനത്തെ സംബന്ധിച്ചിടത്തോളം-കുറാനെ സംബന്ധിച്ചിടത്തോളം ചെറിയ ഒരു അലസത വന്നുകൊണ്ടിരിക്കുന്നു എന്നു പറയാതിരിക്കുവാൻ നിർവാഹമില്ല. കരിക്കുലത്തിൽതന്നെ അതിനു സ്ഥാനമില്ലാതായിത്തീർന്നിട്ടുണ്ടു്. വിദ്യാർത്ഥികളുടെയിടയിൽ ഈ ഭാഷാപഠനത്തിനുള്ള ശ്രദ്ധ കുറഞ്ഞുവരുന്നതിനുള്ള കാരണം

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ്. അറബിമുൻഷിമാർ ഇല്ലെങ്കിൽ കൊറാൻ ടീച്ചേഴ്സ് അവരുടെ പ്രവൃത്തികളും ശരിക്കു നിർവഹിക്കുന്നുണ്ടെന്നു പറയുവാൻ എനിക്കു നിവൃത്തിയില്ല. കാരണം, ആ വിഷയം എടുക്കുന്നതിന് പ്രത്യേകം സമയം കരിക്കുലത്തിലില്ല. അതിനാൽ അതിന് സ്ഥാനമില്ലെന്നുവന്നിരിക്കുന്നു. അതുകൊണ്ട് മുസ്ലീങ്ങളുടെ വിദ്യാഭ്യാസം മുന്നോട്ടുപോകുന്നതിനുവേണ്ടി മറ്റു സബ്ജക്റ്റുകളോടുകൂടി അറബിഭാഷയും എടുക്കുന്നതിനു വേണ്ട സൗകര്യങ്ങളും കരിക്കുലത്തിൽതന്നെ ഉണ്ടാക്കണമെന്നാണ് എന്റെ അഭിപ്രായം.

MR. A. GOPALA MENON: May I know whether the Honourable Member is aware the Arabic is not included in the curriculum of Primary and Secondary Schools?

MR. P. S. MAHOMED: പ്രൈമറി ഇൻസ്റ്റിട്ടൂഷൻസിൽ കൊറാനെസംബന്ധിച്ച് ചില വ്യവസ്ഥകളുണ്ട്. എന്നാൽ ഹൈസ്കൂളുകളിൽ അറബിപഠനത്തെ സംബന്ധിച്ചിടത്തോളം ഒന്നും പറയുന്നില്ല, അതായത് കരിക്കുലത്തിൽ അതിനെപ്പറ്റി നിബന്ധനയില്ലെന്നാണ് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു. ഈ സംഗതി ഡയറക്ടർ പ്രത്യേകം ശ്രദ്ധിക്കുകയും കരിക്കുലത്തിൽ അതിനു സ്ഥാനമില്ലെന്ന സംഗതി പ്രത്യേകം പര്യാലോചിക്കുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. മറ്റൊന്നു അറബിമുൻഷിമാരെ സംബന്ധിച്ചാണ്. പതിനഞ്ചോ പതിനാറോ വർഷങ്ങളായി സർവീസിലിരുന്നിട്ടുള്ളവരായ അറബിമുൻഷിമാരേയും കൊറാൻ ഇൻസ്ട്രക്ടേഴ്സിനേയും ഇന്നും സ്ഥിരപ്പെടുത്തിയിട്ടില്ല എന്നു കാണുന്നു. അതിന്റെ കാരണം ഇതുവരെ തീരെ മനസ്സിലാകുന്നില്ല. അവർക്ക് ഇനിയും പല അറബിമുൻഷിമാരേയും ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതു്. പല മുസ്ലീം വിദ്യാർത്ഥികളുള്ള വിദ്യാലയങ്ങളും ഇവിടെ ധാരാളം ഉണ്ടെന്നാണ് എന്റെ വിശ്വാസം.

MR. P. K. KUNJU (*Ambalapuzha cum Shertalai*): മലയാളം സ്കൂൾ പരീക്ഷയിൽനിന്ന് അറബി ഒഴിവാക്കിയിട്ടുണ്ടെന്നറിയാമോ?

PRESIDENT: Is it suggested by the honourable member that the Arabic Munshies have not been confirmed for many years? Is it so Mr. Director?

MR. A. GOPALA MENON: All permanent vacancies have been filled up in 1944.

MR. P. S. MAHOMED: ഇതും സംഗതികളും ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ വരുത്തിക്കൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. D. THOMAS (*Kalkulam* cum *Vilavancode*): Sir, I support the motion. My object in supporting the motion is to point out to the Government the necessity to grant war allowances to non-Government Secondary School teachers. Our Government, Sir, are no doubt paying very keen attention in the matter of education in the State and it is true that this State yields to no other State or Province in India from the point of view of literacy. But, let us here pause for a moment and consider who is responsible for the high position that Travancore is occupying today in the matter of education. I ask whether the high percentage of literacy in Travancore is due to the existence of the Departmental schools alone or because of the working of the private schools also? On a perusal of the Administration report for 1118, it will be found that out of the total number of schools of all types and grades under the control of the Education Department, 1038 are Departmental schools and 2,750 private institutions. Out of the total number of boys under instruction in the various schools nearly 65 per-cent are undergoing instruction in these private institutions. These figures clearly bring to light the fact that private schools play an important part in the education of the State. Now, these private school teachers, who are partners assisting Government in the matter of education, are neglected both by their masters and the Government alike. Sir, today, it is a period of abnormal prices in food-stuffs and other essential commodities. The people who are affected by this are Government servants and others who receive regular and fixed salaries. This fact is referred to in the Administration report itself. I shall read out that sentence which is relevant. "The number of children of land-owners, traders and day labourers attending schools increased considerably, while that of Government servants and others decreased." This is in keeping with the different economic conditions prevailing among the different sections of the people. Now, this applies to the private school teachers also. Is it not a pity that the teacher who devotes his whole life time in teaching the children of the people of the State is not able to educate his own child? The Government became aware of these facts and they came to the relief of the Government servants to some extent. They revised their scales and granted war allowances. But the private school teachers are left out of the scheme. Now, while all sections of the people in the State enjoy additional income either as war allowance or as increased wages in the case of day labourers, the private school teachers alone are under a great difficulty. So, my submission is that Government should take immediate and adequate steps to protect and safeguard the interests of the private school teachers and to grant them also war allowance as is done to Government servants and in the same rate. Now, it may be said that it is the duty of the respective managers to grant war allowance to their teachers. But, let me ask, Sir, if we can reserve crores of rupees for post-war schemes, which are of course for the good of the people of the State, and if we can reserve lakhs of rupees for rendering medical aid and other things which are also pieces of good work so far as the people are concerned, why not set apart a sum that will help the poor teachers? Now, the Government

LIBRARY ARCHIVES Kerala Legislative Assembly

have done something in this direction. I mean what the Government have done to the Primary school teachers. There, the Government pays two rupees and the management is asked to pay two rupees for each teacher and a cheque for the value of Rs. 4 is issued to the teacher concerned. Now, altogether a primary school teacher gets Rs. 12, that is a grant of Rs. 8 plus Rs. 4 war allowance. We can all understand that 12 rupees is a sum which will not go any length in enabling a man to maintain himself. This is even lower than what a peon gets. So my submission is that the Government should consider the matter and render all assistance to the Secondary School teachers also, and the rate given to the primary school teachers should be increased.

MR. K. R. NARAYANAN : തിരുവനന്തപുരം പട്ടണത്തിൽ പ്രൈമറി എഡ്യൂക്കേഷൻ നിർബന്ധമാക്കണമെന്നു തീരുമാനിച്ച ഗവണ്മെന്റു നയം അഭിനന്ദാർഹമാണ്. രാജ്യമൊട്ടുക്കു നിർബന്ധവിദ്യാഭ്യാസത്തിനുള്ള നടപടി എടുക്കണമെന്നും, ചുരുങ്ങിയ പക്ഷം മുൻസിപ്പൽ അതൃത്തികളിലെല്ലാം ഈ നിർബന്ധം നടപ്പിൽ വരുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. ൧൯൪൫ മുതൽ ൧൯൪൬ വരെ ൧-ാംക്ലാസ്സിൽ പഠിച്ചിരുന്ന കുട്ടികളുടെ കണക്കിൽനിന്നും നിർബന്ധവിദ്യാഭ്യാസത്തിന്റെ ആവശ്യം വെളിവാകുന്നതാണ്.

൧൯൪൫-ൽ	൧൯൫൬൫	കുട്ടികൾ
൧൯൪൬-ൽ	൧൬൬൧൪	,,
൧൯൪൭-ൽ	൧൬൨൯൨	,,
൧൯൪൮-ൽ	൧൬൯൫൫൦	,,
൧൯൪൯-ൽ	൧൬൬൬൫൫	,,

അതായതു ൧൯൪൫-നും ൧൯൪൬-നും മദ്ധ്യേ ൧-ാംക്ലാസ്സിൽ തന്നെ, ൨൩൩൯ കുട്ടികളാണു കുറഞ്ഞതു്. പള്ളിക്കൂടത്തിൽ ചേർന്നതിനു ശേഷമുള്ള ഈ ചോർച്ച മറെറാരു കണക്കിൽനിന്നുകൂടി ഞാൻ വിശദമാക്കാം. ൧൯൪൫-ൽ ൧-ാം ക്ലാസ്സിൽ, ൧൯൫൬൫ കുട്ടികളുണ്ടായിരുന്നു. ൧൯൪൭-ൽ രണ്ടാംക്ലാസ്സിൽ ഉണ്ടായിരുന്ന കുട്ടികൾ ൧൯൩൦൭൩൯ ആണ്. ൧൯൪൯-ൽ ൪-ാം ക്ലാസ്സിൽ, ൧൬൯൫൫൦ കുട്ടികളായിരുന്നു. ൧൯൪൭-ൽ ഇതു ൧൦൭൭൩൯ കുട്ടികളായി. ൧൯൪൫-ൽ ഒന്നാംക്ലാസ്സിലുണ്ടായിരുന്ന കുട്ടികളാണ് ൧൯൪൯-ൽ നാലാംക്ലാസ്സിൽ കാണേണ്ടതു്. കുറവു് വരുന്നതു കുട്ടികളാണെന്നു കാണുന്നു. മുകളിൽ വിവരിച്ച രണ്ടു കുറവുകളും കൂട്ടിനോക്കുമ്പോഴുള്ള തുകയാണ് ചിന്താവിഷയം. കിടക്കുവാനിടമില്ലാത്തവരുടേയും, കഴിക്കുവാൻ വകയില്ലാത്തവരുടേയും, പാവപ്പെട്ട കുട്ടികൾ പള്ളിക്കൂടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr.K. R. Narayanan.]

നിന്ന കാറ്റത്തു പഴത്തിലപോലെ പൊഴിഞ്ഞുപോയി. പുസ്തകം, വസ്ത്രം, ഭക്ഷണം, ഇവയുടെ ദാരിദ്ര്യമാണ് ഈ പൊഴിച്ചിലിനു കാരണം. കുഞ്ഞുങ്ങളെ "അക്ഷരമെന്നതറിയാതെ" ഇങ്ങിനെ നിരക്ഷരകുക്ഷികളായി വളർത്തുവാൻ ഇടവരുത്തുന്നതു ഒരു തികഞ്ഞ നിർഭാഗ്യമാണ്. അതു ഇരുളടഞ്ഞ ഭാവിയിലേക്കുള്ള ഒരു വഴിച്ചൂണ്ടിപ്പലകയാകുന്നു. നു വയസ്സിനും ഫ ഫ വയസ്സിനും മദ്ധ്യേയുള്ള കുട്ടികൾ ഫ-ർ- ഉംപ്പുടെയുള്ള ക്ലാസ്സുകളിൽ, വ്യസ്ഥ ൈ ൦ ൦ - ൦ - ൽ- ൽ നു ൽ ൦ ൦ ൦ -വും പ്രിപ്രൈട്ടറിയിൽ ൈ ൽ ൦ ൦ ൦ കുട്ടികളും ഉണ്ടെന്നാണു കണക്കുകൊണ്ടു കാണുന്നതു്. അതായതു ൻ ൈ ൈ ൦ ൦ കുട്ടികൾ സൗകര്യത്തിനു പറഞ്ഞാൽ ഫ ൦ ലക്ഷം കുട്ടികൾ. ഇതുയും കുട്ടികൾ പഠിക്കാത്തവരുണ്ടാകിരിക്കണം. നു വയസ്സിനും ഫ ഫ വയസ്സിനും മദ്ധ്യേയുള്ള കുട്ടികളുടെ മൊത്ത സംഖ്യ, ൨ ൦ ലക്ഷമാണ്. നിർബന്ധവിദ്യാഭ്യാസത്തിന്റെ മുമ്പിൽവരുന്ന വിഷമപ്രശ്നം പണമാണ്. ഇൻഡ്യ ഒട്ടുക്കു നിർബന്ധവിദ്യാഭ്യാസം നടപ്പിലാക്കുവാൻ പ്രതിവർഷം ൨ ൦ കോടി രൂപ വേണ്ടിവരുമെന്നാണു സാർജന്റു റിപ്പോർട്ടിൽ പറയുന്നതു്. ഇപ്പോൾ നമുക്കു ഏകദേശം, നു ൦ ൦ പ്രൈമറിസ്കൂളുകളുണ്ടു്. സാമാന്യമായി ൈ ൦ ൦ സ്കൂളുകൾ കൂടിയുണ്ടെങ്കിൽ സ്കൂളിന്റെ കായ്മും മതിയാക്കാം. പല ക്ലാസ്സുകൾക്കു ഒരു വാദ്ധ്യാർ എന്നുള്ള ഹൈദ്രബാദ് സിസ്റ്റം നടപ്പാക്കിയാൽ വിദ്യാർത്ഥികളുടെ കായ്ക്ഷമത കുറയും. അങ്ങനെയുള്ള നിർബന്ധവിദ്യാഭ്യാസം ഒരു വക നോട്ടീസ്സു ബോർഡ് (notice board) നിർബന്ധവിദ്യാഭ്യാസമാണ്. നമ്മുടെ ചിലവു എത്രമാത്രം വരും, എങ്ങിനെയുണ്ടാക്കാം ഇതാണു അടുത്തതായി എനിക്കു പ്രതിവാദിക്കുവാനുള്ളതു്. ഇപ്പോൾ ഒരു വിദ്യാർത്ഥിക്കു നു ഉ രൂപയാണു ചിലവു്. ഇപ്പോഴത്തെ ഫ ൦ ലക്ഷത്തിനു ഈ കണക്കിനു, നു ഭ ലക്ഷം രൂപാ വേണം. ബാക്കി ഫ ൦ ലക്ഷം പുസ്തകം, വസ്ത്രം, ഭക്ഷണം മുതലായവ കൊടുക്കേണ്ട ലിസ്റ്റിൽപ്പെട്ടതു. ഈ തോതിൽ കൂട്ടി ഫ-ക്കു ഫ൨ ഉ രൂപാ വേണം. അപ്പോൾ ഫ ൦ ലക്ഷത്തിനു ഫ കോടി ൨ ൦ ലക്ഷം രൂപ. രണ്ടുംകൂടിയുള്ള ൨ ൦ ലക്ഷത്തിനു, ഫ കോടി ൭ ഭ ലക്ഷം രൂപാ. ഗ്രാൻറ്സ് ക്കുളുകൾ സർക്കാർ ഏറെറടുക്കാതെ നിർബന്ധവിദ്യാഭ്യാസം പൂർണ്ണവിജയത്തിൽ എത്തുമെന്നു് എനിക്കഭിപ്രായമില്ല. അങ്ങിനെ വേണ്ടിവന്നാൽ അതിനു്, ൈ ൦ ൦ പുതിയ പള്ളിക്കൂടങ്ങളുണ്ടാക്കുവാനുള്ള ചിലവും മുകളിൽ വിവരിച്ചതിൽ ഉൾപ്പെടുന്നതല്ലാ. ഇതു

LIBRARY ARCHIVES Kerala Legislative Assembly

ഏകദേശം ഒന്നേകാൽകോടി രൂപയോളം വരും. ഇതെങ്ങിനെയുണ്ടാക്കാം എന്നുള്ളതാണു അടുത്ത പ്രശ്നം. ഫസ്റ്റ് മൊത്തം വരവിന്റെ ഫസ്റ്റ് ശതമാനം വിദ്യാഭ്യാസത്തിനു ചിലവിട്ടു. ഫസ്റ്റ്-ൽ വരവു് ജനസംഖ്യയും വർദ്ധിച്ചപ്പോൾ മൊത്തം വരവിന്റെ ഫസ്റ്റ് ശതമാനമാണു് ചിലവിട്ടതു്. വരവിന്റെ ഒരു ക്ലിപ്തശതമാനം ഏകദേശം ൨൦ ശതമാനം ഈ ഇനത്തിൽ ചിലവിടണം. വിദ്യാഭ്യാസത്തിനു പ്രത്യേകം ഒരു നികുതി ചെയ്കയോ, ഈ ആവശ്യത്തിനു മറ്റു നികുതികളുടെ റേറ്റു വർദ്ധിപ്പിക്കുകയോ ചെയ്യണം. ൧൦ രൂപാ മുതൽ ൫൦൦ രൂപാവരെ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നും പ്രതിമാസം ൸ ണവച്ചു് ൫൦൦ രൂപായ്ക്കും ൧൫൦ രൂപായ്ക്കും മദ്ധ്യേയുള്ളവരിൽനിന്നു് ൧൬ ണവച്ചും, ൧൫൦-നു മേലുള്ളവരിൽനിന്നു് ഓരോ നൂറുരൂപായ്ക്കും ഓരോ രൂപവച്ചും വസൂൽചെയ്തു ഒരു വിദ്യാഭ്യാസം നിധിയുണ്ടാക്കണം. മുകളിൽ വിവരിച്ച വഴികളിൽ ക്രൂടി ഇതിനു നേരിടുന്ന സാമ്പത്തികവിഷമങ്ങളെ അഭിമുഖീകരിക്കാവുന്നതാണു്. നിർബന്ധവിദ്യാഭ്യാസം സ്റ്റേറ്റു് ഒട്ടുക്കു ഉടനെ നടത്തുവാൻ പ്രയാസമാണെങ്കിൽ, എല്ലാ മുൻസിപ്പൽപട്ടണങ്ങളിലെങ്കിലും ഇതു നടപ്പാക്കുവാൻ കാലവിളംബം വരുത്തുവാൻ പാടില്ലാത്തതാകുന്നു. ഇതിനു ൩൫ ലക്ഷത്തിനും ൧൦ ലക്ഷത്തിനും മദ്ധ്യേ ഒരു സംഖ്യ മതിയാകുന്നതാണു്. നഗരങ്ങളിൽ നിന്നെങ്കിലും വിദ്യാവിഹീനതയുടെ താണ്ഡവം നിവൃത്തുവാൻ ഗവർമ്മെൻറിനുള്ള കടമ നക്ഷത്രം പോലെ വ്യക്തമാണു്. അതിലേക്കു അഭ്യർത്ഥിച്ചുകൊണ്ടു് ഈ ഉപക്ഷേപം പിൻതാങ്ങുന്നു.

MR. T. T. KESAVAN SASTRI : സർ, ഞാനും ഈ ഉപക്ഷേപത്തിന്റെ തത്വത്തോടു പൂർണ്ണമായി അനുകൂലിക്കുന്നു. പ്രാഥമികവിദ്യാഭ്യാസം പൊതുവെ നിർബന്ധിതമാക്കേണ്ടതു് നമ്മുടെ രാജ്യത്തിന്റെ പൊതുക്ഷേമത്തിനു തികച്ചും അത്യന്താപേക്ഷിതമാകുന്നു. ഗണ്യമായി നാം ഗൗനിക്കേണ്ട ഒരു കാര്യമാകയാൽ വിവിധ വശങ്ങളും വിവരിച്ചു ബഹുമാനപ്പെട്ട മെംബർ മി. കെ. ആർ. നാരായണനും മറ്റു സാമാജികന്മാരും പലതും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു.

PRESIDENT : This is English education, and what the honourable member has to speak about is primary education. I think it will conduce to convenience, especially as we have now got only a short time before us, if we can finish discussion on secondary and primary education and then ask the Director to reply on the whole discussion. I leave it to the general wish of the House.

(Honourable members signified their assent).

LIBRARY ARCHIVES Kerala Legislative Assembly

MR. C. K. SANKARA PILLAI: On a point of order, Sir. On page 49 of the Manual, paragraph 169, sub-clause (iii), it is stated :—

"On the last day of the allotted days at 5 o' clock in the evening the President shall forthwith put to the vote every question necessary to dispose of all outstanding matters in connection with the demands for grants".

PRESIDENT: The five O' clock referred to there has now become a movable festival (*Laughter*). As the honourable members are aware the Standard Time has been changed; eleven O' clock has become twelve O' clock and five O' clock has become six O' clock. Honourable members are of course at liberty to invoke the rule but I think we can conduct the proceeding till six O' clock as usual.

MR T. T. KESAVAN SASTRI : എന്റെ ഉപക്ഷേപംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു പ്രത്യേകിച്ചും പിന്നോക്കസമുദായക്കാരുടെ ഇടയിലും പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കി നടപ്പിലാക്കാൻ വേണ്ടതു ചെയ്യ് ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും ഒയവായി ഇവരെ സഹായിക്കണമെന്നുള്ളതാണ്. പുലയർ, പറയർ, കറവർ മുതലായ പിന്നോക്ക സമുദായക്കാക്ക് വിദ്യാഭ്യാസത്തിനു സൗകര്യം ലഭിക്കാൻ തുടങ്ങിയിട്ടു വർഷങ്ങളും ഇവിടെ അധികമായിട്ടില്ല. ക ഠ വ ഠ -ാമാണ്ടിനു ഇപ്പുറമാണ് ഇവിടത്തെ പിന്നോക്കസമുദായക്കാക്ക് വിദ്യാഭ്യാസ സൗകര്യം, സ്കൂൾപ്രവേശനംതന്നെ ലഭിച്ചതു. ക്രമേണ ഗവണ്മെൻറിൽനിന്നും ലഭിച്ച ദാക്ഷിണ്യ സഹായങ്ങൾകൊണ്ടു പഠനവിഷയത്തിൽ ഇവർ പ്രത്യേകം പ്രേരിതരായിത്തിരുകയും തദ്വാരാ ഇന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലും, ഇതരഭാഷാഭ്യസനത്തിലും മറ്റും സാമാന്യേന ഉയർന്നു മൻപോട്ടു വരുകയും ചെയ്തിട്ടുണ്ട്. ഗവണ്മെൻറും ഡിപ്പാർട്ടുമെൻറും തുടർന്ന് ഇപ്പോഴും ഇവ വിഷയത്തിൽ ഇവക്കു വേണ്ട സൗജന്യങ്ങളും പ്രത്യേക ആനുകൂല്യങ്ങളും ചെയ്യുന്നുണ്ടെന്നുള്ളതു കൃതജ്ഞതാപൂർവം അനുസ്മരിക്കുന്നു. ഇതര നാട്ടുരാജ്യങ്ങളെ അപേക്ഷിച്ചു സർവ്വിധേനയും തിരുവിതാംകൂർ പിന്നോക്കസമുദായസംരക്ഷണവിഷയത്തിൽ ഇപ്പോൾ അധികം താല്പര്യം പ്രകടിപ്പിക്കുന്നുണ്ടെന്നുള്ള വസ്തുത തികച്ചും അഭിമാനകരംതന്നെയാണ്. നാട്ടുരാജ്യങ്ങളുടെ മുന്നണിയിൽ ഉയർന്ന സ്ഥിതിചെയ്യുന്ന തിരുവിതാംകൂർ പലവഴി അവശസമുദായോദ്ധാരണവിഷയത്തിൽ എത്രയും പ്രശംസാർഹമായ ഒരു നിലയാണ് ഇന്നു അവലംബിച്ചിരിക്കുന്നതെന്നു എടുത്തു പറയുവാൻ ഞാൻ സമയമുപയോഗിക്കുന്നു. എന്നാൽ ഇതരരാജ്യങ്ങളെ അപേക്ഷിച്ച് ഇവിടത്തെ പിന്നോക്കസമുദായക്കാർ വിദ്യാഭ്യാസവിഷയത്തിൽ ഏറ്റവും പിന്നോക്കമാണു നിലനിൽക്കുന്നതെന്നുള്ള വസ്തുത എത്രയും പരമാർത്ഥമാത്രമാണ്. സാക്ഷരതയുടെ ശരിയായി പരിശോധിച്ചാൽ ക.ന അണ്

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസരീതി എന്നു കാണാൻ സാധിക്കുന്നതാണ്. അതിനാൽ ഇവരുടെ സാക്ഷരതാവിഷയത്തിൽ വേണ്ട പരിപാടികൾ ചെയ്യുന്നതിൽ ഗവണ്മെൻറ് കൂടുതൽ ശ്രദ്ധയും താല്പര്യവും പ്രദർശിപ്പിച്ചുകാണ്മാൻ പ്രത്യാശിക്കുന്നു. സർ, മദ്രാസ്, മൈസൂർ, കൊച്ചി ഈ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇവിടത്തെ പിന്നോക്കസമുദായങ്ങളുടെ വിദ്യാഭ്യാസനിലയാണ് ഏറ്റവും പരിതാപകരമെന്നു കാണാൻ സാധിക്കുന്നു. ബഹുമാനപ്പെട്ട ഗവണ്മെൻറും ഡിപ്പാർട്ടുമെൻറും ഈ വിഷയത്തെപ്പറ്റി ദയവായി ഗൗനിക്കണമെന്നു അപേക്ഷിക്കുവാൻ മാത്രമാണ് ഈ ഉപക്ഷേപംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നത്. പ്രാഥമികവിദ്യാഭ്യാസവിഷയത്തിൽ ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും ഒരു നിർബന്ധനയം സ്വീകരിച്ചു കാണ്മാൻ അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ എൻറെ പ്രസംഗം ഇവിടെ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. P. O. THOMAS (*Kunnattunad* cum *Parur*): Sir, in supporting this motion I wish to bring to the notice of this House the pitiable condition of the Vernacular Teachers in the primary schools of the State. This is a matter which was engaging the attention of the Government for some time past, and some measures were taken to solve this difficulty. But those steps, I am sorry to state, have not even touched the fringe of the problem. It may be noted that the teachers in the primary schools are custodians of the young minds of our children who are to be the future citizens of the State. At present the salary that they receive is not even sufficient for their mid-day tiffin and their clothing. Ordinarily the teachers in the primary schools do not get income from any other source, and as a matter of credit to this Department it may be stated that the teachers are Government servants with the least tendency towards corruption. In the circumstances this matter should seriously engage the attention of the Government and the Government must be ready to take further steps to ameliorate their condition which remains pitiable at present.

Another matter which I bring to the notice of the House is the insufficient grant which is given in aid of the orphanages run by private bodies in the State. From the report on orphanages given at page 71 of the Administration Report it can be seen that in sixteen orphanages more than six hundred inmates are fed and educated. When we consider the amount of the grant that is given in aid of these orphanages, it can be seen that it is so insufficient. Some tangible help must be rendered to these institutions especially at this time when the prices of essential commodities have risen very high. I would also bring to the notice of the House that these orphanages are institutions which are to be revered and admired by the people of the State. That 600 inmates are fed and educated without any motive or purpose on the part of those who conduct these orphanages is indeed commendable. Even the Head of the Administration is trying his best

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. O. Thomas]

o relieve the distressed in the country by starting charitable organisations, but long before these orphanages were doing this service. These institutions also should be recognised for their usefulness and they hould be given substantial grants-in-aid, at least to meet the exige ncies of the times for the duration of the war.

With these observations I resume my seat.

MR. M. K. NILAKANTAN (*Mavelikara cum Kunnattur*) : സർ, ഈ ഡിപ്പാർട്ടുമെൻറിനെ പുതുനിർവിശേഷമായ സ്നേഹത്തോടുകൂടി ഭരിച്ചു കൊണ്ടിരിക്കുന്ന ഒരു മേലധ്യക്ഷനാണ് ഇപ്പോൾ ഉള്ളത്. എല്ലാ അദ്ധ്യാപകന്മാരേയും അദ്ദേഹത്തിന നല്ലതുപോലെ അറിയാം. മലയാളം സ്കൂൾ അദ്ധ്യാപകന്മാരിൽ പലരും പല കാരണവശാൽ അവരുടെ സ്വദേശത്തല്ലാതെ മറു സ്ഥലങ്ങളിലാണ് ഉദ്യോഗംനോക്കുന്നത്. ഇവരുടെ ശമ്പളം വളരെ കുറവാണെന്നും അതിനു പരിഹാരം ഉണ്ടാക്കണമെന്നും ബഹുമാനപ്പെട്ട പല മെംബറന്മാരും അഭിപ്രായപ്പെട്ടുകഴിഞ്ഞു. ഈ അദ്ധ്യാപകന്മാരുടെ സ്വദേശങ്ങളിലേയ്ക്കുതന്നെ സ്ഥലം മാറണമെന്ന ള്ള തത്വം കഴിയുന്നിടത്തോളം തുടരുന്നതായാൽ ശമ്പളക്കുറവുനിമിത്തം നിസ്സഹായരായി കഴിയുന്ന അവർ മറു വല്ല തൊഴിലുകളുംകൂടി ചെയ്തു അവരുടെ ഉപജീവനമാർഗ്ഗം നോക്കുന്നതാണ്. കൂടാതെ അദ്ധ്യാപകന്മാരെ സംബന്ധിച്ചു വല്ല കള്ള ഹർജികളും വല്ലവരും അയയ്ക്കുകയാണെങ്കിൽ യാതൊരു അന്വേഷണവും കൂടാതെ തിരുവിതാംകൂറിൻെറ ഒരറ്റംമുതൽ മറെറ അറ്റംവരെ അവരെ സ്ഥലംമാറുന്നതു ഒരു പതിവായിക്കാണുന്നു. എന്തുകൊണ്ട് അപ്രകാരമുള്ള പരാതികൾക്കു ഒരന്വേഷണം നടത്തിക്കൂടാ എന്നു ഞാൻ ചോദിക്കുന്നു. ഡയറക്ടർ അവർകളോട് മറൊരു കാര്യം പറയാനുള്ളതു് അദ്ധ്യാപികമാരെ സംബന്ധിച്ചാണു്. അധികം സ്ത്രീകളും അന്യസ്ഥലങ്ങളിൽ ജോലിനോക്കിവരുന്നു. അവക്കു പല വിഷമങ്ങളുമുണ്ട്. സ്വദേശങ്ങളിൽ സ്ഥലംമാറുന്നതിൽ മുൻഗണന കൊടുക്കുന്നതു സ്ത്രീകൾക്കായിരിക്കണം. നിവർത്തിയുള്ളിടത്തോളം അദ്ധ്യാപകന്മാരെ അവരുടെ സ്വദേശങ്ങളിലേയ്ക്കു സ്ഥലംമാറ്റണമെന്നുള്ള നയം എത്രയും വേഗത്തിൽ നടപ്പിൽ വരുത്തണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

MR. CHAZHIKKATTU JOSEPH : സർ, മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ കഠിനമായ ശാപം നമ്മുടെ തലയിൽ വന്നു വീഴാതിരിക്കത്തക്കവണ്ണം ഏതെങ്കിലും നിവർത്തി ഉണ്ടാക്കണമെന്നുള്ള സംഗതിയെപ്പറ്റി രണ്ടു വാക്കു പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. യൂറോപ്പിലും മറ്റുമുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചില അമ, സർപ്പം ഇവകൾ അറേഴുമാസം യാതൊരു ക്ഷോണവും കഴിക്കാതെ വായു മാത്രം ഭക്ഷിച്ചുകൊണ്ടു മണ്ണിനടിയിൽ ജീവിക്കുന്നതായികേട്ടിട്ടുണ്ട്. അതുപോലെയാണ് മലയാളംസ്കൂൾഅദ്ധ്യാപകന്മാർ. ഇപ്പോൾ നൽകുന്ന ശമ്പളംകൊണ്ടു രണ്ടു മൂന്നു മാസം ജീവിച്ചിട്ടു ബാക്കി എങ്ങിനെയോയാണ് ജീവിതവൃത്തി കഴിയുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മലയാളം സ്കൂൾ അദ്ധ്യാപകന്മാരോടു യാതൊരു പക്ഷപാതവും കൂടാതെ, അവർക്കു ജീവിക്കുവാൻ ഏറ്റവും കുറഞ്ഞ തോതിലുള്ള ഒരു ബഡ്ജറ്റു ഞാൻതന്നെ ഉണ്ടാക്കിനോക്കി. ഒരു ഭാര്യയും, മൂന്നു നാലു കുട്ടികളേയും കൂടി കണക്കാക്കി അന്നാഹാരത്തിനു ൪൦ യൂണിറ്റു, പൊടിഞ്ഞു ബജ്റായും മറ്റും ഉപ്പൊപ്പെടുത്തികൊടുക്കാമെന്നു തീർച്ചപ്പെടുത്തി.

ഒരു ഭാര്യയും നാലു കുട്ടികളും ഉള്ള ഒരു വാദ്ധ്യാർക്ക് ൪൦ യൂണിറ്റു കൂടാതെ ൩൦ ദിവസം കഴിഞ്ഞുകൂടാൻ നിവൃത്തിയില്ല. അതിന് ൬൫ രൂപാ ഫ൨ അണ വില കൊടുക്കണം. വളരെ നിർബ്ബന്ധമായി പെരുമാറിയാലും നാലു ഇടങ്ങഴി ഉപ്പ് വേണം. അതിന് ൨൦ ചക്രം ആകുന്നുണ്ട്. ഉള്ളി, മല്ലി, ജീരകം, മുളക് ഇവയെല്ലാംകൂടി ഒരു രൂപാ എന്നു വയ്ക്കുക. അതിനപ്പുറമേ സാമ്പാറും നാളികേരമെങ്കിലും വേണ്ടേ. രണ്ടര രൂപാ നാളികേരത്തിനുവച്ചു, ഒരു റാത്തൽ കാപ്പിക്കുരു കൊണ്ടു കഴിഞ്ഞുകൊള്ളണമെന്നു പറഞ്ഞു. ഒരു റാത്തൽ കാപ്പിക്കുരുവിനു ൪ റാത്തൽ പഞ്ചസാരകൂടി അനുവദിച്ചു. വസ്ത്രങ്ങൾക്ക് ൩ രൂപാ നീക്കിവച്ചു. ക്ഷൗരത്തിനു ൪ ചക്രം, കുട്ടികളുടെ വിദ്യാഭ്യാസം വകയ്ക്ക് ൨ രൂപാ ഇങ്ങനെയെല്ലാംകൂടി കണക്കാക്കിയപ്പോൾ ൪ ൨ രൂപാ ൨ ചക്രം വകാശ്ത് ഉണ്ടെങ്കിലേ ഒരു മാസം കഴിഞ്ഞുകൂടാൻ നിവൃത്തിയുള്ളുവെന്നു കണ്ടു.

PRESIDENT : The honourable member evidently is trying to prove too much. According to him the minimum salary for a teacher would come to Rs, 40 and above for meeting all expenses including salt and Kothamalli.

MR. CHAZHIKKATTU JOSEPH : അപ്പോൾ ഏറ്റവും കുറഞ്ഞ ചില വിന്മേൽ ഒരു മലയാളം സ്കൂൾ അദ്ധ്യാപകന് അഭിമാനമായി ജീവിക്കാൻ ൪൨-൨-൦ വേണ്ടിയിരിക്കുന്നു. എന്നാൽ അവർക്കു കിട്ടുന്നതു ഗ്രാൻഡുസ്കൂൾ അദ്ധ്യാപകന് ൧൫ രൂപയും ഗവണ്മെൻറുസ്കൂൾ അദ്ധ്യാപകന് ൨൪ രൂപയും ആണ്. ൩൦ ദിവസം ഉള്ളതിൽ ഗ്രാൻഡുസ്കൂൾ അദ്ധ്യാപകന്മാർ ഏഴോ എട്ടോ ദിവസം പട്ടിണികൂടാതെയും ഗവണ്മെൻറുസ്കൂൾ അദ്ധ്യാപകന്മാർ പത്തോ പന്ത്രണ്ടോ ദിവസം

LIBRARY ARCHIVES Kerala Legislative Assembly

[Mr. Chazhikkattu Joseph]

പട്ടിണി ക്രൂടാതേയും ബാക്കിയുള്ള ദിവസങ്ങൾ പട്ടിണിയായിട്ടും കഴി യുന്ന എന്ന വേണം വിചാരിക്കാൻ. ൪൦ ശതമാനം പട്ടിണിയും ൬൦ ശതമാനം ഭക്ഷണവും ആയിട്ടായിരിക്കണം ഓരോ നേരത്തേയും ഭക്ഷണം കഴിക്കേണ്ടതു്. ഇപ്രകാരമായാൽ അഹോരാത്രം അവരും ഭാര്യയും കുഞ്ഞു ങ്ങളും കൂടി നമ്മേ എല്ലാവരേയും പിരാകും. അവരുടെ പിരാക്ക് കൊ ണ്ടൊക്കെ ഫലിക്കാതിരിക്കുകയില്ല. അതുകൊണ്ട ഈ സഭയിൽ കൂടിയിരിക്കുന്ന എല്ലാവരും വിശേഷിച്ച് അദ്ധ്യക്ഷൻ അവർകളും അദ്ധ്യാപകന്മാ രുടെ ശാപത്തിൽനിന്നും ഈ സഭയെ രക്ഷിക്കത്തക്കവണ്ണം എന്തെങ്കിലും ഒരു പ്രതിവിധി കണ്ടുപിടിക്കണം. ഏതെങ്കിലും തരത്തിൽ അവരെ സഹായിക്കണം. അവരുടെ ശമ്പളത്തിൽ എന്തെങ്കിലും കൂടുതൽ വരുത്തണം.

രണ്ടാമതായി എനിക്ക പറയാനുള്ളതു് എഡ്യൂക്കേഷൻ ഡയറ ക്ടർ ഏതാണ്ട് കുഴപ്പം ഉണ്ടാക്കിയിരിക്കുന്ന എന്നുള്ളതിനെപ്പറ്റിയാണ്. സക്കാർസ്കൂളുകളിൽ നിന്ന് ട്രെയിനിംഗിന് പോകുന്ന അദ്ധ്യാപകന്മാ രുണ്ട്. അവർക്ക് ശമ്പളവും ഇല്ല സ്റ്റൈപ്പന്റും ഇല്ല. അവർ സക്കാർ സർവ്വീസിൽ ഇരിക്കുന്നവരാണ്. ട്രെയിനിംഗിനായി വന്നിട്ടുണ്ട്. സ്റ്റൈപ്പന്റും ശമ്പളവും കൊടുക്കാതെ ഇങ്ങനെ അവരെ അലയാൻ അനുവദിച്ചിരിക്കുന്നതു് കഠോരകൃത്യമാണ്. ട്രെയിനിംഗ് ക്രൂടാതെ സക്കാർ ജോലി തുടരാൻ പാടില്ലെന്ന് നിർബന്ധമുണ്ട്. അതാവശ്യവുമാണ്. അങ്ങനെയാകയാൽ അവർക്ക ശമ്പളം കൊടുക്കുകയൊ അല്ലാത്തപക്ഷം ട്രെയി നിംഗിനായി അന്യസ്ഥലങ്ങളിൽപോയി താമസിക്കുന്നകാലത്തു് സ്റ്റൈപ്പ ന്റെ കൊടുക്കുകയൊ ചെയ്യേണ്ടതു് അത്യാവശ്യമാണെന്നുള്ള സംഗതി ഈ സഭ മുമ്പാകെയും സഭാദ്ധ്യക്ഷന്റെ മുമ്പാകെയും സമർപ്പിച്ചുകൊണ്ട ഞാൻതല്ക്കാലം വിരമിക്കുന്നു.

MR.K. A. MAHOMED (*Quilon cum Kottarakara*) സർ, മുസ്ലീങ്ങളുടെ വിദ്യാഭ്യാസവിഷയത്തിൽ ഈ ഡിപ്പാർട്ടുമെന്റ് അനുവർത്തിച്ചുവരുന്ന നയത്തെസംബന്ധിച്ച രണ്ടുവാക്ക് പറയണമെന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകൂറിലെ മറ്റു സമുദായങ്ങളെ അപേക്ഷിച്ചു മുസ്ലീങ്ങൾ വിദ്യാഭ്യാസവിഷയത്തിൽ വളരെ പിന്നോക്കമാണ് നിലകൊള്ളുന്നതെ ന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. ഇപ്പോഴത്തെ വിദ്യാഭ്യാസ ത്തിൽ അവർ മുന്നോട്ടുവരാതിരിക്കുന്നതിനു പല കാരണങ്ങളും ഉണ്ട്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളതു് മുസ്ലീമിങ്ങൾക്ക അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

